**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമപഞ്ചായത്ത് അക്കൗണ്ടന്റായിരുന്ന ശ്രീ. കോശി ഉമ്മനെതിരായ അച്ചടക്ക നടപടി - അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3147/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 26.09.2017

=====================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 27.06.2016-ലെ ഡി4-17486/2015 നമ്പർ നടപടിക്രമം

2. ശ്രീ. കോശി ഉമ്മൻ സമർപ്പിച്ച അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 25.05.2017-ലെ ഡി4-17486/2015 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമപഞ്ചായത്തിൽ മണി ഓർഡർ തിരികെ വന്ന തുകയും, എൽ.ഐ.സി പ്രീമിയം തുകയും യഥാസമയം അടവാക്കാതെ പണാപഹരണം നടത്തിയതിന് ഉത്തരവാദിയായ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റായിരുന്ന ശ്രീ. കോശി ഉമ്മനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ രണ്ട് വർഷത്തേക്ക് തടഞ്ഞ് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിനെതിരെ ടിയാൻ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ അപേക്ഷയിൽ ടിയാനെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേട്ടു.

ശ്രീ. കോശി ഉമ്മനു നൽകിയ കുറ്റാരോപണ പത്രികയിലെ പ്രധാന ആരോപണങ്ങൾ ചുവടെ പറയുന്നവയായിരുന്നു.

1) ഗുണഭോക്താക്കൾ കൈപ്പറ്റാതെ പഞ്ചായത്ത് ഓഫീസിൽ തിരികെ ലഭിച്ച വിവിധ ക്ഷേമ പെൻഷൻ തുകകൾ (17.08.2012 – 06.10.2012 വരെയുള്ള) യഥാസമയം സർക്കാരിന് അടവാക്കാതെ കൈവശം വച്ചതുവഴി താത്ക്കാലിക ധനാപഹരണം നടത്തി.

2) (a) 27.07.2011 ചെക്ക് നമ്പർ 045865 പ്രകാരമുള്ള Rs.4800, (b) 30.10.2011 ചെക്ക് നമ്പർ 045932 പ്രകാരമുള്ള Rs.1200 എന്നി തുകകൾ ട്രഷറിയിൽ അടവാക്കിയതിന്റെ ചെല്ലാനുകൾ/ വൗച്ചറുകൾ ലഭ്യമല്ല

3) മണി ഓർഡർ റിട്ടേൺ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

4) ജനുവരി 2011 മുതൽ ജനുവരി 2013 വരെ കാലയളവിലെ എൽ.ഐ.സി. പ്രീമിയം അടവാക്കുന്നതിനു 2 ദിവസം മുതൽ 1 ½ വർഷത്തിലും കൂടുതൽ വൈകി.

5) ശമ്പളത്തോടൊപ്പം പിൻവലിക്കുന്ന എൽ.ഐ.സി. പ്രീമിയം തുകയും തിരിച്ചുവരുന്ന മണി ഓർഡർ തുകയും കൃത്യമായി അടച്ചിട്ടുണ്ടോ എന്നും രശീത് ലഭ്യമാക്കിയിട്ടുണ്ടോ എന്നും യഥാസമയം പരിശോധിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ, എൽ.ഐ.സി. പ്രീമിയം തുക പിൻവലിച്ച തീയതിയുടെ തൊട്ടടുത്ത ദിവസം അടവാക്കേണ്ടതുണ്ടെന്നിരിക്കെ അപ്രകാരം തുക അടവാക്കുന്നതിൽ കാലവിളംബം വരുത്തി താല്ക്കാലിക പണാപഹരണം നടത്തിയതിനുള്ള എതിർ ന്യായവാദങ്ങൾ അംഗീകരിക്കത്തക്കതല്ല എന്നും, 02/2011, 03/2011, 06/2011, 08/2011, 09/2011 മാസങ്ങളിലെ എൽ.ഐ.സി. പ്രീമിയം തുകകൾ അടവാക്കുന്നതിൽ കാലവിളംബം ഉണ്ടായതായി കാണുന്നുവെന്നും ചട്ടപ്രകാരം പിൻവലിക്കുന്ന തുക യഥാസമയം അടവാക്കേണ്ട ചുമതല ക്യാഷ്യർക്കാണെന്നിരിക്കെ, പിൻവലിക്കുന്ന തുക കൃത്യസമയത്ത് അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടുന്നതും ആയതിന്റെ രശീത് വാങ്ങി വൗച്ചറിൽ സൂക്ഷിക്കേണ്ടതും അക്കൗണ്ടന്റിന്റെ ചുമതലയാണ് എന്നും ആയതിനാൽ കുറ്റവിമുക്തനാക്കണമെന്ന ടിയാന്റെ വാദഗതി അംഗീകരിക്കാവുന്നതല്ല എന്നും അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പഞ്ചായത്ത് ഡയറക്ടർ നൽകിയ റിപ്പോർട്ടിന്റെയും ടിയാൻ സമർപ്പിച്ച എതിർവാദ പത്രികയുടെയും നേരിൽ കേട്ടപ്പോൾ ടിയാൻ വെളിപ്പെടുത്തിയ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതലയുണ്ടായിരുന്ന പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തുകയുണ്ടായി. കുറ്റാരോപണമെമ്മോയിലെ ക്രമ നം. 1, 2 എന്നിവ നടക്കുന്ന സമയത്ത് ടിയാൻ തിരുവാലി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നില്ല എന്നും, 2 (a) പ്രകാരമുള്ള 4800/- രൂപ യഥാസമയം ട്രഷറിയിൽ അടവാക്കിയതിന്റെ റെമിറ്റൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനാൽ ടിയാനെ മേൽ ആരോപണങ്ങളിൽ നിന്നും ഒഴിവാക്കാം എന്നും പഞ്ചായത്തു ഡയറക്ടർ പിന്നീട് നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കുറ്റാരോപണ പത്രികയിലെ 1,2 ആരോപണം ഒഴിവാക്കാവുന്നതാണ് എന്ന് കാണുന്നു. ക്രമ നം.3 ആരോപണം സംബന്ധിച്ച് മണി ഓർഡർ റിട്ടേൺ രജിസ്റ്റർ ടിയാന്റെ കാലയളവിൽ നടന്നിട്ടുള്ള പെർഫോമൻസ് ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് എന്നിവയ്ക്ക് ഹാജരാക്കിയിട്ടുള്ളതാണെന്നും ഓഡിറ്റർമാർക്ക് ആയത് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും ടിയാൻ അറിയിക്കുകയുണ്ടായി. ആയതിനാൽ മേൽ ആരോപണവും ഒഴിവാക്കാവുന്നതാണെന്നു കാണുന്നു. ക്രമ നം.4 ആരോപണം സംബന്ധിച്ച് 12.9.2009 മുതൽ 27.10.2011 വരെയുള്ള കാലയളവിലാണ് ടിയാൻ സേവനം അനുഷ്ഠിച്ചിരുന്നത്.

മേൽ കാലയളവിൽ എൽ.ഐ.സി. പ്രീമിയം അടവാക്കുന്നതിൽ ചുവടെ പറയുന്ന കാലവിളംബം ഉണ്ടായിട്ടുണ്ട്.

2/11 - 6 ദിവസം
3/11 - 13 ദിവസം (ഇതിൽ 7 അവധി ദിവസങ്ങൾ ഉണ്ട് )
6/11 - 3 ദിവസം
8/11 - 4 ദിവസം (ഇതിൽ 2 അവധി ദിവസങ്ങൾ ഉണ്ട് )
9/11 - 3 ദിവസം (ഇതിൽ 1 അവധി ദിവസം ഉണ്ട് )

മേൽ പ്രകാരം പരിശോധിച്ചതിൽ 6 ദിവസം വരെ കാലതാമസം ഉണ്ടായിട്ടുണ്ട്. ക്രമ നം. 5 ആരോപണം നിലനിൽക്കുന്നതാണ്. സാധാരണ കേസുകളിൽ സർക്കാർ പണം ഒരു ദിവസത്തിൽ കൂടുതൽ കൈയിൽ സൂക്ഷിക്കുവാൻ പാട്ടുള്ളതല്ല. പിൻവലിക്കുന്ന തുക കൃത്യസമയത്തു അടവാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും ആയതിന്റെ രസീത് വാങ്ങി സൂക്ഷിക്കേണ്ടതും അക്കൗണ്ടന്റിന്റെ ചുമതലയാണ് ഇപ്രകാരം ക്രമ നം. 4, 5 ആരോപണങ്ങൾ നിലനിൽക്കുന്നതാണെങ്കിലും ആയതിനു ടിയാന് നൽകിയ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ രണ്ട് വർഷത്തേക്ക്

തടഞ്ഞ് കൊണ്ടു സ്വീകരിച്ച അച്ചടക്കനടപടി ആനുപാതികമാണെന്നു തോന്നുന്നില്ല. ആയതിനാൽ രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ രണ്ട് വർഷത്തേക്ക് തടയുക എന്നതിൽ കുറവ് വരുത്തി ആയത് ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു എന്നാക്കി ശ്രീ. കോശി ഉമ്മൻ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ് സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. കോശി ഉമ്മൻ, അസിസ്റ്റന്റ് സെക്രട്ടറി, എഴുകോൺ ഗ്രാമപഞ്ചായത്ത് (മുൻ അക്കൗണ്ടന്റ്, തിരുവാലി ഗ്രാമപഞ്ചായത്ത്, മലപ്പുറം)
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/171/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ